(ബി) 2010-ലെ ബലി പെരുന്നാളിന് സലാവുദീന് അവധി നിഷേധിച്ചിരുന്നോ ; മുഹറം 10 എന്ന ആഘോഷ ദിവസം ആബ്സന്റ് രേഖപ്പെടുത്തുക ഉണ്ടായോ ;

(സി) സലാവുദീൻ 2010-ലെ കേരള പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടുണ്ടായിരുന്നോ ;

(ഡി) സലാവുദീന് എന്നാണ് തിരുവനന്തപുരത്തേക്ക് സ്ഥലം മാറ്റം അനുവദിച്ചത് ; എത്രവർഷത്തെ മൊത്തം സർവ്വീസുണ്ട് ; റിട്ടയർ ചെയ്യാൻ ഇനി എത്ര സർവ്വീസ് ബാക്കിയുണ്ട് ;

(ഇ) റിട്ടയർ ചെയ്യാൻ അധികം കാലാവധിയില്ലാത്ത ഉദ്യോഗസ്ഥനെ പീഡിപ്പിക്കാതിരിക്കുന്നതിനും മതാചാരങ്ങൾ ചെയ്യാനുള്ള സൗകര്യം ലഭ്യമാക്കാനും വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇക്കാര്യം അന്വേഷിക്കുന്നതിന് ഒരു പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) അവധി നിഷേധിച്ചിട്ടില്ല. ആബ്സന്റ് രേഖപ്പെടുത്തിയിട്ടില്ല.

(സി) 2010-ലെ കേരള പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടില്ല.

(ഡി) 12-4-2010-ൽ സ്ഥലംമാറ്റം അനുവദിച്ചു ; മൊത്തം 35 വർഷവും 4 മാസത്തെയും സർവ്വീസാണുള്ളത് ; 13 മാസവും 10 ദിവസവും സർവ്വീസ് ബാക്കിയുണ്ട്.

(ഇ) ഉദ്യോഗസ്ഥനെ പീഡിപ്പിക്കുന്ന തരത്തിലുള്ള നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾക്കും പോലീസ് നടപടിക്രമങ്ങൾക്കും വിധേയമായി ഓരോ ഉദ്യോഗസ്ഥന്റെയും മതാചാരങ്ങൾ അനുഷ്ഠിക്കുവാനുള്ള സ്വാതന്ത്ര്യത്തിന് നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല.

ഹെഡ് കോൺസ്റ്റബിൾ പൗലോസിനെ കാണാതായതു സംബന്ധിച്ച പരാതി

44 (1513) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി തങ്കമണി പോലീസ് ഔട്ട്പോസ്റ്റിലെ ഹെഡ്കോൺസ്റ്റബിൾ പൗലോസിനെ കാണാതായത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച അന്വേഷണം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഇടുക്കി തങ്കമണി പോലീസ് ഔട്ട് പോസ്റ്റിലെ ഹെഡ്കോൺസ്റ്റബിൾ, യു 1669, പൗലോസിനെ കാണാതായത് സംബന്ധിച്ച് പൗലോസിന്റെ ഇളയ സഹോദരൻ കുര്യച്ചന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കാളിയാർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 01/2011u/c Man Missing ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിന്റെ അന്വേഷണം കാളിയാർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ നടത്തി വരുന്നതാണ്. അന്വേഷണത്തിന് ടി സർക്കിൾ ഇൻസ്പെക്ടറെ സഹായിക്കുന്നതിന് ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ട്. നാളിതുവരെയുള്ള അന്വേഷണത്തിൽ നിന്നും പൗലോസിനെ കണ്ടെത്തുന്നതിനുള്ള വിവരങ്ങൾ ഒന്നും ലഭിച്ചിട്ടില്ലാത്തതാണ്.

കോളേജ് ഹോസ്റ്റലുകളിൽ പുറത്തുനിന്നുള്ള ക്രിമിനലുകൾ ഒളിച്ചു താമസിക്കുന്നതായുള്ള പരാതി

45 (1514) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :.

(എ) സംസ്ഥാനത്തെ കോളേജ് ഹോസ്റ്റലുകളിൽ പുറത്തുനിന്നുള്ള ക്രിമിനലുകൾ ഒളിച്ചുതാമസിക്കുന്നതായുള്ള പരാതികളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

(ബി) ഹോസ്റ്റലുകളിൽ താമസസൗകര്യം നൽകിയിട്ടുള്ള വിദ്യാർത്ഥികളല്ലാതെ പുറത്തുനിന്നുള്ളവർ താമസിക്കുന്നതായി സംശയം ഉണ്ടായാൽ പരിശോധിക്കാൻ പോലീസിന് അധികാരമുണ്ടോ ;

(സി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം അത്തരം എത്ര പരിശോധനകൾ ഏതെല്ലാം ഹോസ്റ്റലുകളിൽ നടത്തിയിട്ടുണ്ട് ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) അക്രമസംഭവങ്ങളിലുൾപ്പെടുന്ന ക്രിമിനലുകളും ഗുണ്ടകളും ചില വിദ്യാർത്ഥികളെ സ്വാധീനിച്ച് ഹോസ്റ്റലുകളിൽ ഒളിച്ചുതാമസിക്കുകയും അക്രമങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നതായ പരാതികളുള്ള സാഹചര്യത്തിൽ ഹോസ്റ്റലുകൾ നിശ്ചിതകാലയളവുകളിൽ പരിശോധിക്കാൻ പോലീസിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഇത്തരത്തിൽ പരാതികൾ ലഭിച്ചിട്ടില്ല.

(ബി) അധികാരമുണ്ട്.

(സി) പരാതികൾ ലഭിക്കാത്തതിനാൽ പരിശോധന ആവശ്യമായി വന്നിട്ടില്ല.

(ഡി) പരാതി ലഭിക്കുകയാണെങ്കിൽ അതിനനുസൃതമായ നടപടി കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly